
THE
BIBLE TRUTH

## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ,നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിൻെറ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 12 May 1998 No. 2


## എഡിറേറാറിയൽ

ഇന്ന് ആഗോളമായി കണ്ടുവരുന്ന ആധുനികത മനുഷ്യനെ വല്ലാതെ ആകർഷിച്ചിരിക്കയാണ്. സാങ്കേതികവിദ്യയായലും സമ്പദ്‌വ്യവസ്ഥയായാലും സാംസ്കാരിക മേഖലയായാലും അവയിലെല്ലാം ഒരു നവീകരണം കടന്നുകൂടിയിട്ടുണ്ട് പക്ഷെ അവിടെ അത് അവസാനിക്കുന്നില്ല അത്യന്താധുനികതയിലേക്കാണ് മനുഷ്യർ പ്രയാണം ചെയ്യുന്നത്. അതിനു വേണ്ടി പലരും തങ്ങളുടെ കർമ്മശേഷി വിനിയോഗിക്കുന്നു. ആശയ വിനിമയ രംഗത്തും ദൃശ്യ ശ്രവണ മാദ്ധ്യമ രംഗത്തും വർദ്ധിച്ചു വരുന്ന ഒന്നാണ് ഈ ആധുനികത. ഞാൻ ഇതു സൂചിപ്പിക്കുമ്പോൾ ആധുനികതക്കു ഞാൻ എതിരാണ് എന്നു ധരിക്കരുത്. ആധുനികതയുടെ നേട്ടവും കോട്ടവും നാം തിരിച്ചറിയണം. ഇല്ലെങ്കിൽ അതു നമ്മെ നശിപ്പിക്കത്തക്കതായി മാറും. ഈ ലോകജീവിതത്തിൽ സൂക്ഷിക്കേണ്ട സന്ദർഭങ്ങൾ ഉണ്ട് ലൗകികമായ കണ്ടുപിടിത്തങ്ങൾ എല്ലാം ഭൗതികമായ ആവശ്യങ്ങൾ നിറവേററുന്നതിനാണ്.

ധ്രുതഗതിയിൽ ആണല്ലോ മനുഷ്യ ജീവിതം ചലിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടു വേഗത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ പററും? ഒരേ സമയത്ത് തന്നെ ഒന്നിലധികം കാര്യങ്ങൾ എളുപ്പത്തിൽ ചെയ്യാൻ കഴിയുകയാണെങ്കിൽ അതൊരു നേട്ടം തന്നെയാണ്. പണ്ടൊക്കെ മാസങ്ങളോളം യാത്ര ചെയ്ത് എത്തിച്ചേരുന്ന സ്ഥല

ങ്ങളിൽ ഇന്നു ദിവസങ്ങൾകൊണ്ട് എത്തിച്ചേരാൻ കഴിയുന്നു. ആഴ്ച്ചകളോളം എടുത്തിരുന്നു പണ്ടൊക്കെ വാർത്തകൾ കൈമാറാൻ. പക്ഷെ അതൊക്കെ മിനിററുകൾക്കുള്ളിൽ എത്തുമെന്നായി. ആധുനിക സജ്ജീകരണങ്ങൾ ഇന്നു ഏതൊരു ഭവനത്തിൻെറയും ആവശ്യ വസ്തുവായി മാറി കഴിഞ്ഞു. സൗകര്യങ്ങൾ വർദ്ധിച്ചു എന്നാണ് അതിനെ കുറിച്ച് ആളുകൾ വിലയിരുത്തുന്നത്. അതിനു കൊടുക്കേണ്ട വിലയൊന്നും ആളുകൾക്കു പ്രശ്നമല്ല. ഉപയോഗമാണ് അവർ കണക്കാക്കുന്നത്. ഇതിൽ അപാകതകൾ കണ്ടെത്താവുന്നതല്ല. പക്ഷെ ഏതു കാര്യത്തിലും നാം പലപ്പോഴും മറന്നു പോകുന്ന ഒന്നുണ്ട്. അതു ആത്മീയമായ കാര്യങ്ങളിൽ ഈ പ്രവണത കാണുന്നില്ല എന്നതാണ്.

സ്വഭാവ വിശേഷത്തിലും മററുള്ളവരുമായി ഇടപഴകുന്നതിലും ദൈവവുമായുള്ള ബന്ധത്തിലും പഴയ സമീപനം തന്നെ കാണുന്നതിലാണ് നമുക്കു വിഷമം. വിശ്വാസം കുറയുവാൻ ഈ ആധുനികത സ്വാധീനിക്കുന്നില്ലേ എന്നു സംശയിക്കേണ്ടി വരുന്നു. സമൃദ്ധി മനുഷ്യരെ അഹംഭാവത്തിലേക്കു നയിക്കും. ഉയർന്ന സമ്പദ്ഘടന എവിടെ കാണുന്നുവോ അവിടെ ദൈവ ഭയം കുറയുന്നു. സുഖസൗകര്യങ്ങൾ വർദ്ധിച്ചു വരുമ്പോൾ ജനങ്ങളുടെ ഭൗതികമായ ആവശ്യങ്ങൾ വർദ്ധിക്കുകയും മററുള്ള കാര്യങ്ങൾക്ക്, വിശേഷിച്ച് ആത്മീക കാര്യങ്ങൾക്ക് സമയം കണ്ടെത്താതെ വരുന്നു. ആന്തരിക വ്യക്തിത്വത്തെ മാനിക്കാതെ ബാഹ്യ വ്യക്തിയെ തൃപ്തിപ്പെടുത്തുന്ന വിരോധാഭാസമാണ് ഇന്നു സമൂഹത്തിൽ കാണുന്നത്. എന്താണ് ഇതിനുള്ള പരിഹാരം? ചിന്ത ഭൗതികതയെക്കാൾ ആത്മീകതയിലേക്ക് തിരിച്ചു വിടണം. ഭൗതികമായ ചിന്ത വേണ്ട എന്നല്ല, പിന്നെയോ ആദ്യമായി ദൈവ കല്പനകളിൽ വിശ്വസിക്കുകയും ആ അരുളപ്പാടുകൾ ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യണം.

★

# ആരാധനയിൽ നിന്നു നാം എന്തെടുക്കുന്നു?

## J. C ചോട്ട്

സത്യ നമസ്ക്കാരികരം ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നതായി ക്രിസ്തു പഠിപ്പിക്കയുണ്ടായി (യോഹന്നാൻ 4:24). കാരണം ദൈവം ആത്മാവാകുന്നു. പുതിയ നിയമത്തിൽ ദൈവം കല്പിച്ചിട്ടുള്ള ആരാധനാരീതിയെയാണ് ഇതു വ്യക്തമാക്കുന്നത്. രക്ഷിക്കപ്പെട്ട തന്റെ ജനം, കർത്താവിന്റെ സഭയിലുള്ള അംഗങ്ങരം ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാരം കൂടിവരികയും ദൈവത്തെ ആരാധിക്കയും വേണമെന്നാണ് ദൈവം ഇഛരിക്കുന്നത്. പ്രാരംഭ ക്രിസ്ത്യാനികരം ഇപ്രകാരം ചെയ്തു വന്ന മാതൃക പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പ്രവൃത്തി 2:42;20:7). അവർ കൂടി വന്നു പ്രാർത്ഥിക്കയും പാട്ടുപാടുകയും, പ്രസംഗം കേരംക്കയും, അപ്പം നുറുക്കുകയും, കൂട്ടായ്മ ആചരിക്കയും ധർമ്മശേഖരം നടത്തുകയും ചെയ്തു. മററുള്ള വാക്യങ്ങളും ഇതിനോടു യോജിക്കുന്നവയായിട്ടുണ്ട് (എഫെസ്യർ 5:19; 2 തിമൊഥെയോസ് 2:15; 1 കൊരിന്ത്യർ 16:2).

ആകയാൽ ആരാണ് ആരാധിക്കേണ്ടത്? ആരെയാണ് ആരാധിക്കേണ്ടത്? ഏതു ദിവസമാണ്, എങ്ങനെയാണ് ആരാധിക്കേണ്ടത് എന്നെല്ലാം തിരുവെഴുത്തിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആരുടെ അധികാരത്തിലാണ് അതു ചെയ്യേണ്ടത് എന്നും പ്രസ്താവിച്ചിട്ടുണ്ട്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടി വന്നാലും അവരുടെ മദ്ധ്യേ ഞാൻ ഉണ്ടാകും എന്നു കർത്താവു അരുളിച്ചെയ്തിട്ടുണ്ട് (മത്തായി 18:20). പഴയ നിയമത്തിൽ നിന്നും വ്യത്യസ്ഥമായ ആരാധനാ രീതിയാണ് ക്രിസ്തു നമുക്ക് നല്കിയിരിക്കുന്നത്. തികവുള്ള ഒ

രു യാഗം കഴിച്ചു സ്വർഗ്ഗത്തിൽ പ്രവേശിക്കയും പുതിയ നിയമത്തിൻെറ മദ്ധ്യസ്ഥനായി തീരുകയും ചെയ്ത കർത്താവിൻെറ ആജ്ഞ ഈ കാര്യത്തിലും നാം ലാഘവത്തോടെ കാണരുത്. കാരണം സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും യേശുക്രിസ്തുവിനാണുള്ളത്.

ക്രിസ്ത്യാനികൾ ദൈവത്തെ ആരാധിക്കുവാൻ കൂടി വരണമെന്നു പറയുമ്പോൾ അതു ഒരു ചടങ്ങായി തീരരുത്. ശരിയായ മനോഭാവത്തിലായിരിക്കണം ആരാധന നടത്തുന്ന വ്യക്തി. ആ വ്യക്തിയിൽ സത്യം ഉണ്ടായിരിക്കണം. ഹൃദയം വിശുദ്ധമായിരിക്കണം. ദുശ്ചിന്ത ഉള്ളിൽ പാടില്ല കോപമോ വിദ്വേഷമോ അസൂയയോ പ്രതികാരമോ ഇങ്ങനെ യാതൊരു നിഷേധ സ്വഭാവവുമില്ലാതെ വേണം ദൈവ സന്നിധിയിൽ എത്തുവാൻ. എളിമയോടെ വേണം ആരാധിക്കുവാൻ. ഞാൻ മററുള്ളവരേക്കാൾ ഉയർന്നവൻ എന്ന തോന്നൽ പാടില്ല. ദൈവത്തെയും ക്രിസ്തുവിൽ ഉള്ള സഹോദരീ സഹോദരന്മാരെയും ബഹുമാനിക്കത്തക്ക ഹൃദയം ഉണ്ടാകണം. ക്ഷമാ ശീലത്തോടുകൂടെ വേണം ദൈവത്തെ ആരാധിക്കുവാൻ. കർത്താവു നമ്മോടു ക്ഷമിച്ചതുപോലെ നാമും അന്യോന്യം ക്ഷമിക്കണം. ആരാധനക്കാരൻെറ ഹൃദയത്തിൽ സന്തോഷമാണ് ഉണ്ടാകേണ്ടത്. ശാഠ്യത്താലോ ദുരഭിമാനത്താലോ നാം ഒന്നും ചെയ്യരുത്. ആ സമയത്ത് ഒരാൾ പറയുന്നതും ചെയ്യുന്നതും ചിന്തിക്കുന്നതും ദൈവത്തെ പ്രസാദിപ്പിക്കുന്ന വിധമായിരിക്കണം. എങ്കിൽ മാത്രമെ അതുകൊണ്ടു പ്രയോജനം ലഭിക്കയുള്ളു.

ആരാധനയിൽ നാം ദൈവത്തിനു പുകഴ്ച്ച, സ്തുതി എന്ന ദാനം നല്കുന്നു. അതു ദൈവ സന്നിധിയിൽ സ്വീകാര്യമായി തീരുമ്പോൾ ദൈവം നമുക്കു പ്രത്യേകമായ അനുഗ്രഹങ്ങൾ നല്കുന്നു. ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിൽ നാം ശരിയായ രീതിയിൽ അതായതു വചന

പ്രകാരം നാം ദൈവത്തെ ആരാധിച്ച് അവനെ പ്രസാദിപ്പിച്ചു മടങ്ങി പോകുമ്പോൾ നമ്മൾ പലതും കൊണ്ടു പോകുന്നു. അവയിൽ മുഖ്യമായവ എന്തെല്ലാമെന്ന് പരിശോധിക്കാം. ഒരുപക്ഷെ നിങ്ങൾ അതിനെ കുറിച്ച് അധികമൊന്നും ചിന്തിച്ചിരിക്കാനിടയില്ല. എന്നാൽ താഴെ പറയുന്നവ നമ്മുടെ അനുഭവത്തിൽ ലഭിക്കുന്നവയാണ്. ഈ അനുഗ്രഹങ്ങൾ ഒരിക്കലും നഷ്ടപ്പെടുത്തി കളയാതിരിക്കുക.

ദൈവത്തോടും സഹസഹോദരങ്ങളോടുമുള്ള കൂട്ടായ്മ നമ്മെ വലുതായി ശക്തിപ്പെടുത്തും. പരസ്പരമുള്ള ആശയവിനിമയം, സ്നേഹപ്രകടനം എന്നിവ നമ്മെ ഉത്തേജിപ്പിക്കും. നമ്മുടെ മനസിനെ, ആത്മാവിനെ അതു ശക്തിപ്പെടുത്തും. നാം ഒററക്കല്ല, നമ്മോടൊപ്പം തുല്യമായ മററുള്ളവർ ഉണ്ടെന്ന തോന്നൽ നമ്മെ ബലപ്പെടുത്തും. ഐകമത്യം മഹാബലം എന്നു പറഞ്ഞു കേട്ടിട്ടില്ലേ അത് വാസ്തവമാണ്. ദൈവത്തോടു കൂടിയുള്ള ഈ ആത്മബന്ധം നമുക്കു കൂടുതൽ ബലം നല്കും. ആരോഗ്യകരമായ ക്രിസ്തീയ ജീവിതം തുടരുന്നതിനു ഇത് സഹായകരമാണ് എന്നതിൽ രണ്ടു പക്ഷമില്ല. പക്ഷെ ഇത് സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ ദോഷമാകും ഫലം എന്നു കൂടെ നാം ഓർക്കണം.

നാം കൂടി വരുമ്പോൾ ദൈവ വചനം പഠിക്കുന്നതു കൊണ്ട് ദൈവിക പരിജ്ഞാനത്തിൽ വളരെ അറിവു നേടിക്കൊണ്ടാണ് ആരാധന കഴിഞ്ഞ് നാം പോകുന്നത്. ദൈവ വചനം നമ്മുടെ ഹൃദയത്തിൽ സംഭരിച്ചു കൊണ്ടാണ് നാം മടങ്ങുന്നത് എന്നർത്ഥം. നാം നമ്മുടെ പിതാവിനോടു പ്രാർത്ഥിക്കുന്നുണ്ട്. കൂട്ടായ പ്രാർത്ഥന ദൈവത്തോടു നമ്മെ കൂടുതൽ അടുപ്പിക്കുന്നു. നാം ദൈവത്തെ പാടി പുകഴ്ത്തിയ സന്തോഷവുമായാണ് വീട്ടിലേക്കു പോകുന്നത്. കർത്തൃമേശയിൽ നിന്നു പങ്കെടുക്കു

ന്നതിലൂടെ നമുക്കു ലഭിച്ച വലിയ രക്ഷയുടെ മഹത്വം നാം പുതുക്കുന്നു. യേശുക്രിസ്തുവിനു കൊടുക്കേണ്ടി വന്ന വലിയ വില നാം ഓർത്തുകൊണ്ടു നമ്മെ തന്നെ പുതുക്കി കൊണ്ടാണ് നാം പോകുന്നത്. അവസാനമായി ദൈവം നമുക്കു നല്കിയ ഭൗതികമായ നന്മകളിൽ നിന്നും ഒരോഹരി ദൈവത്തിനു കൊടുത്തുകൊണ്ടു അതിന്റെ ഫലം നമുക്കും മററു ആത്മാക്കൾക്കും പ്രയോജനപ്പെടും എന്ന പ്രത്യാശയുമായാണ് നാം തിരിച്ചു പോകുന്നത്. ഇവയൊന്നും ഒരു ക്രിസ്ത്യാനിയെ ഉണർത്തി പ്രബലപ്പെടുത്തുന്നില്ലെങ്കിൽ പിന്നെ മററെന്തിനു കഴിയും? മററൊന്നിനും സാദ്ധ്യമല്ല.

ആരാധന കഴിഞ്ഞു പിരിഞ്ഞു പോകുമ്പോൾ നല്ലൊരു തയ്യാറെടുപ്പോടു കൂടിയാണ് നാം പോകുന്നത്. കർത്താവിനു വേണ്ടി നല്ല മാതൃകയുള്ള ജീവിതം നയിക്കുവാനും നാം ആരോടെല്ലാം ബന്ധപ്പെടുന്നുവോ അവരോടെല്ലാം നല്ല മനോഭാവത്തിൽ ഇടപെടുമെന്നും ദൈവ വചനം അറിഞ്ഞിട്ടില്ലാത്തവരോടു ദൈവത്തിന്റെ രക്ഷാമാർഗ്ഗം അറിയിക്കുവാൻ കിട്ടുന്ന അവസരം പാഴാക്കുകയില്ല എന്നുമുള്ള തീരുമാനത്തോടെയാണ് നാം പോകുന്നത്. ഇത്തരം ജീവിതം ക്രിസ്ത്യാനിത്വത്തെ അർത്ഥവത്താക്കും; അനുകരിക്കത്തക്കതാക്കും. കർത്താവിൽ വിശ്വസ്ഥരായ ക്രിസ്ത്യാനികൾ ഫലം പുറപ്പെടുവിക്കുന്നവർ ആയിരിക്കും. താൻ കാരണം ആരും നഷ്ടപ്പെട്ടു പോകരുത് എന്ന വിചാരം ഉണ്ടാകും. അങ്ങനെ ക്രിസ്തു മുഖാന്തരം സകല ആത്മീകാനുഗ്രഹങ്ങളും ദൈവം നമുക്കു തരും. (എഫെസ്യർ 1:3).

ആരാധനക്കു പോകുമ്പോൾ നിങ്ങൾ എന്താണ് കൊണ്ടു പോകുന്നത്? ആരാധനക്കു ശേഷം നിങ്ങൾ എന്താണ് എടുത്തുകൊണ്ടു പോകുന്നത്? കൊടുത്താൽ മാത്രമെ നിങ്ങൾക്കു കിട്ടുകയുള്ളൂ. നിങ്ങളുടെ ഉത്തരം നിഷേധാത്

മകമാണെങ്കിൽ ഞങ്ങളുടെ പ്രബോധനം. എന്തെന്നാൽ നിങ്ങളുടെ ജീവിതത്തിൽ വേണ്ട മാററം വരുത്തി, ക്രിയാത്മക സ്വഭാവത്തിൽ ദൈവത്തെ പ്രസാദിപ്പിക്കുക. നിങ്ങൾ കർത്താവിൽ വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്താൽ രക്ഷിക്കപ്പെടും എന്നു കർത്താവ് അരുളിച്ചെയ്യുന്നു (മർക്കൊസ് 16:16). രക്ഷിക്കപ്പെടുന്നവരെ അവൻ തൻെറ സഭയോടു ചേർക്കുന്നു (പ്രവൃത്തി 2:47). അങ്ങനെ അവർ ദൈവമക്കളായി ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കും (യോഹന്നാൻ 4:23-24). എത്ര നിസ്സാരം, എത്ര എളുപ്പം? പ്രതിഫലപ്രദവുമാണ്! നിങ്ങൾ പരിശ്രമിച്ചു നോക്കുക. നിങ്ങളുടെ ജീവിതത്തിൽ അത് യാഥാർത്ഥ്യമാകും. സംശയിക്കുകയേ വേണ്ട.

*

# ദൈവ ജനം

**വാൻസ് ഹട്ടൻ**

പുതിയ നിയമത്തിൽ നാം എബ്രായ ലേഖനം വായിക്കുമ്പോൾ അവിടെ ക്രിസ്ത്യാനികളെ ദൈവ ജനം എന്നു സൂചിപ്പിച്ചിരിക്കുന്നതായി കാണാം (എബ്രായർ 4:9). പരിവർത്തന ശേഷമാണ് ദൈവത്തിൻെറ ജനം എന്ന അവസ്ഥയിലേക്കു മാററപ്പെടുന്നതു എന്നു പത്രൊസ് വിവരിച്ചിരിക്കുന്നു (1പത്രൊസ് 2:9-10). കർത്താവിൻെറ ആളുകൾ ആയിത്തീരുക എന്നു പറഞ്ഞാൽ അതൊരു പ്രത്യേകത തന്നെയാണ്. നമ്മെ വിലയ്ക്കു വാങ്ങിയിരിക്ക കൊണ്ട് നാം അവനുള്ളവർ ആകുന്നു (1 കൊരിന്ത്യർ 6:19-20). പലർക്കും മനസിലാകാത്ത വിഷയമാണ് വില കൊടുക്കുക എന്നാൽ. നമ്മെ ഒരവസ്ഥയിൽ നിന്നു മറെറാരു പരിതസ്ഥിതിയിലേക്കു മാററുവാൻ ക്രിസ്തുവിനു തൻെറ ജീവൻ കൊടുക്കേണ്ടി വന്നു. അവൻെറ ജനമായിത്തീ

രുവാൻ കർത്താവ് ആരേയും നിർബ്ബന്ധിക്കുന്നില്ല. എല്ലാവരേയും അവൻ ക്ഷണിക്കും. ആ ക്ഷണം സ്വീകരിക്കുന്നവർ അവൻെറ ജനമായി തീരും. അവൻെറ ജനമായി മാറുന്നതോടെ അനേകം ഉത്തരവാദിത്വങ്ങൾ നമ്മിൽ വന്നു ചേരുന്നുണ്ട്. അവയിൽ നാലെണ്ണം ഇവിടെ പരാമർശിക്കട്ടെ.

## 1. ഉദ്ദേശമുള്ള ജനം

ദൈവത്തോടു അടുക്കുന്ന ജനങ്ങൾക്ക് ഈ ലോകത്തിൽ ഒരു മഹത്തായ ഉദ്ദേശമുണ്ട്. മനുഷ്യൻെറ പ്രാഥമിക ജീവിതോദ്ദേശം ഭൗതിക സുഖമോ സമ്പാദ്യമോ അല്ല. അനേക വർഷങ്ങൾക്കു മുൻപു തന്നെ ശലോമോൻ അത് മനസിലാക്കി. മനുഷ്യ ജീവിതത്തിൻെറ സാരമെന്തെന്നു ചുരുക്കി പറഞ്ഞിരിക്കയാണ്. ''ദൈവത്തെ ഭയപ്പെട്ട് അവൻെറ കല്പനകളെ പ്രമാണിക്കുക. ഇതാകുന്നു സകല മനുഷ്യർക്കും വേണ്ടത് (സഭാപ്രസംഗി 12:13). ഇതേ ഉദ്ദേശം തന്നെയാണ് പുതിയ നിയമത്തിലും വ്യക്തമാക്കിയിട്ടുള്ളത്. ഒടുവിൽ സഹോദരന്മാരേ, ദൈവ പ്രസാദം ലഭിപ്പാന്തക്കവണ്ണം നിങ്ങൾ എങ്ങനെ നടക്കേണം എന്നു ഞങ്ങളോടു ഗ്രഹിച്ചതു പോലെ, നിങ്ങൾ നടക്കുന്നതു പോലെ തന്നെ, ഇനിയും അധികം വർദ്ധിച്ചു വരേണ്ടതിന്നു ഞങ്ങൾ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ നിങ്ങളോടു അപേക്ഷിച്ചു പ്രബോധിപ്പിക്കുന്നു (1തെസലൊനിക്യർ 4:1). നാം ഈ ലോകത്തിൽ പ്രയത്നിക്കുന്നുണ്ട്. ഈ പ്രയത്നങ്ങളും ന്യായവിസ്താര സമയത്തു വരേണ്ടതാണ് (2കൊരിന്ത്യർ 5 9-10).

നമ്മുടെ ജീവിതം ഈ ലോക സമ്പാദ്യത്തിൽ അധിഷ്ഠിതമാക്കരുത്. ഒരിക്കലും നശിച്ചു പോകാത്ത സമ്പാദ്യം ആണ് നമുക്കാവശ്യം.

(ശേഷം അടുത്ത ലക്കത്തിൽ)

★

സ്ത്രീകൾക്കു വേണ്ടി

# സ്ത്രീ പ്രാർത്ഥിക്കുമ്പോൾ മൂടുപടം ഇടണോ?

ബെറ്റി. ബി. സി.

ആരാധനയിലും പ്രാർത്ഥനയിലും സ്ത്രീ തന്റെ തല, തൊപ്പികൊണ്ടോ മൂടുപടം കൊണ്ടോ മൂടിയിരിക്കണം എന്നു പറയുന്നവർ ഉണ്ട്. മററുള്ളവർ പറയു അതിന്റെ ആവശ്യം ഇല്ല എന്ന്. ഈ കുഴപ്പത്തിനു കാരണം തലയെയും മൂടുപടത്തെയും സംബന്ധിച്ച് തെററായി വ്യാഖ്യാനിക്കയും തെററിദ്ധരിക്കയും ചെയ്തതുകൊണ്ടാണ് (1കൊരിന്ത്യർ 11:3-16). ''എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം''.

ഈ വേദഭാഗത്തിന്റെ ആരംഭത്തിൽ തന്നെ അധികാരം എന്ന ചോദ്യത്തിനുള്ള ഉത്തരം വിശദീകരിക്കയാണ്. തല മൂടുന്നതു രണ്ടാമതായി വരുന്ന കാര്യമാണ്. നിർദ്ദിഷ്ട അധികാരിക്കു കീഴ്പ്പെടുന്നതായിട്ടാണ് അത് ചർച്ച ചെയ്യപ്പെടുന്നതു. ദൈവ വ്യവസ്ഥയിൽ ഭൗതിക തലക്കു, ആത്മീയ തലയെ ആദരിക്കയും അനാദരിക്കയും ചെയ്യാം. അങ്ങനെ ഒരു പുരുഷനു തന്റെ തല മൂടിക്കൊണ്ടു അവന്റെ ആത്മീയ തലയായ ക്രിസ്തുവിനെ അപമാനിക്കാം. അതുപോലെ ഒരു സ്ത്രീക്കു തന്റെ തല മൂടാതെ അവളുടെ തലയായ ഭർത്താവിനെ അപമാനിക്കാം.

ആ വേദഭാഗം മറെറന്തു പഠിപ്പിച്ചാലും ശരി ദൈവം സ്ഥാപിച്ചിരിക്കുന്ന അധികാര ക്രമത്തെ നാം കണ്ടില്ലെന്നു നടിക്കരുത്. ഏതു തരത്തിലുള്ള മൂടുപടമാണ് വാ

സ്തവത്തിൽ ധരിക്കേണ്ടത് എന്നതിനെ കുറിച്ച് നാം വാദിക്കയും തർക്കിക്കുകയും ചെയ്താൽ ആത്മാർത്ഥതയോടെ നാം തെററായ പര്യവസാനത്തിൽ എത്തിച്ചേരും. അതിനു ദൈവം ക്ഷമാപണം നല്കും. പക്ഷെ വ്യക്തമായി പഠിപ്പിച്ചിരിക്കുന്ന കാര്യം നാം കാണാതിരിക്കരുത്. ഏതു പുരുഷൻേറയും തല ക്രിസ്തു, ഏതു സ്ത്രീയുടേയും തല പുരുഷൻ, ക്രിസ്തുവിൻെറ തല ദൈവം എന്ന ദൈവിക വ്യവസ്ഥയെ നാം അവഗണിക്കരുത്.

മൂടുപടം ഇട്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു പുരുഷനും തൻെറ തലയെ അപമാനിക്കുന്നു. മൂടുപടം ഇല്ലാതെ പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു സ്ത്രീയും തൻെറ തലയെ അപമാനിക്കുന്നു. അത് അവരം ക്ഷൗരം ചെയ്യിച്ചതു പോലെയല്ലൊ. സ്ത്രീ മൂടുപടം ഇടുന്നില്ലെങ്കിൽ മുടി കത്രിച്ചു കളയട്ടെ. കത്രിക്കുന്നതോ ക്ഷൌരം ചെയ്യിക്കുന്നതോ സ്ത്രീക്കു ലജ്ജയെങ്കിൽ മൂടുപടം ഇട്ടു കൊള്ളട്ടെ. പുരുഷൻ ദൈവത്തിൻെറ പ്രതിമയും തേജസും ആകയാൽ മൂടുപടം ഇടേണ്ടതല്ല. സ്ത്രീയോ പുരുഷൻെറ തേജസ് ആകുന്നു. പുരുഷൻ മുടി നീട്ടിയാൽ അതു അവനു അപമാനം എന്നും സ്ത്രീ മുടി നീട്ടിയാലോ അതു മൂടുപടത്തിനു പകരം നല്കിയിരിക്കകൊണ്ടു അവരംക്കു മാനം ആകുന്നു എന്നും പ്രകൃതി തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ലയോ?

മുടി എങ്ങനെ കൈകാര്യം ചെയ്യണമെന്നു ദൈവം മാത്രമല്ല പറഞ്ഞിട്ടുള്ളത്. അത് ഒരു വ്യക്തിയുടെ ബന്ധത്തെ കാണിച്ചു കൊടുക്കുന്ന ഒരു രീതിയാണിത്. നമ്മുടെ ഹൃദയവുമായുള്ള നമ്മുടെ ബന്ധത്തെ സൂചിപ്പിക്കുന്ന പ്രവൃത്തിയാണത്. എല്ലാ ആചാരങ്ങളും മുടിയെ കുറിച്ച് പറയുന്നുണ്ട്. ചരിത്രത്തിൽ പോലും ഒരാളുടെ മുടി എങ്ങനെ സൂക്ഷിക്കുന്നു എന്നതിനെ പ്രതിപാദിക്കുന്നുണ്ട്. ഒരാളുടെ ജീവിത ശൈലി, തീരുമാനങ്ങരം, ധാ

ർമ്മികത, മതപരമായ വിശ്വാസം എന്നിവ എടുത്തു കാണിക്കാറുണ്ട്.

പഴയനിയമം മുഴുവനും പുതിയ നിയമത്തിലെ യഹൂദ പശ്ചാത്തലവും തല അനാവരണം ചെയ്യുക എന്നു പറഞ്ഞാൽ ക്ഷൗരം ചെയ്യുക എന്നതാണ് അർത്ഥമാക്കുന്നത് (ലേവ്യാപുസ്തകം 10:1). നാദാബും അബീഹൂവും അവരുടെ അകൃത്യം നിമിത്തം കൊല്ലപ്പെട്ടപ്പോൾ അഹരോൻ മുടി ക്ഷൗരം ചെയ്യുന്നത് വിലക്കിയിരുന്നു. അവരുടെ ആചാരം അതായിരുന്നു. ഇയ്യോബിന്റെ മക്കൾ കൊടുങ്കാററിൽ അകപ്പെട്ടു മരണമടഞ്ഞ വാർത്ത കേട്ടപ്പോൾ അവൻ തന്റെ വസ്ത്രം കീറി, തല ക്ഷൗരം ചെയ്യുകയുമുണ്ടായി.

പ്രാചീന റോമിലെ ഗ്യാലറിയിൽ ധാരാളം കൊത്തുപണികളും ചിത്രരചനയുമുണ്ട്. ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനിത്വത്തെ പ്രതിനിധാനം ചെയ്യുന്നവയാണ് അവ. അവയിൽ ഒന്നിലും സ്ത്രീകൾ ആരാധിക്കുമ്പോൾ തല മൂടിയിരുന്നതായി കാണുന്നില്ല. അവരുടെ മുടി അവർക്കു ഒതുക്കവും തേജസും ആയിരുന്നു.

മദ്ധ്യ നൂററാണ്ടുകളോടെയാണ് റോമൻ കത്തോലിക്കാ സഭ രൂപം കൊണ്ടത്. ആ കാലയളവിലെ ചിത്രരചനകളിൽ മാത്രമാണ് ആരാധനയിൽ സ്ത്രീകൾ മൂടുപടം ഇട്ടിരിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നത്. കത്തോലിക്കാ സഭയിൽ നിന്നു വേർപിരിഞ്ഞ ചില നാമധേയ വിഭാഗങ്ങൾ ഇത് ഒരു മതപരമായ ആചാരമായി പരിശീലിപ്പിക്കപ്പെടുന്നുണ്ട്.

വിഗ്രഹാരാധകരായ അന്യമതക്കാർ അവരുടെ സ്ത്രീകളുടെ തൊഴിലിനനുസരിച്ച് തല മുണ്ഡനം ചെയ്യിക്കയോ മുടി വെട്ടിക്കുകയോ ചെയ്തിരുന്നു. കൊരിന്ത്യ പട്ടണത്തിൽ ഒന്നാം നൂററാണ്ടിൽ ഈ സമ്പ്രദായം നിലവി

ലുണ്ടായിരുന്നു. ഒരു ക്രിസ്തീയ സ്ത്രീ അപ്രകാരം ചെയ്യുന്നതു ലജ്ജാകരമാണ്. കാരണം അവളും തന്റെ ഭർത്താവും തമ്മിലുള്ള ബന്ധത്തെ അവഗണിക്കാവുന്നതല്ല. മററുള്ളവരുടെ ദൃഷ്ടിയിൽ അവർ ആരാണെന്ന് ബോധ്യമാക്കേണ്ടതുണ്ട്.

ഇതിനു സമാന്തരമായ ചില സ്ത്രീകൾ പരിഷ്കൃത രീതിയിൽ മുടി വെട്ടി നടക്കാറുണ്ട്. ഒരിക്കലും ക്രിസ്തീയ വനിതകൾ വചന വിരുദ്ധമായ മാതൃക ഈ കാര്യത്തിൽ സ്വീകരിക്കാവുന്നതല്ല. അവർ ഒരിക്കലും തനിക്കു ലജ്ജ ഉണ്ടാക്കുകയോ തന്റെ ഭർത്താവിനെ ആദരിക്കാതിരിക്കയോ ചെയ്തു കൂടാ. മുടി നീട്ടി വളർത്തുന്ന ഹിപ്പികൾ ഉണ്ട്. പുരുഷന്മാർക്കു നിഷിദ്ധമായ ഈ പരിഷ്കാരം ക്രിസ്തീയ പുരുഷന്മാർക്കു ഭൂഷണമല്ല. ദൈവത്തിന്റെ വ്യവസ്ഥാപിതമായ അധികാരത്തെ അറിഞ്ഞു ബഹുമാനിക്കയും കീഴ്പ്പെട്ടിരിക്കയും ചെയ്വാൻ നാം ശ്രമിക്കണം.

"പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലൊ; സ്ത്രീ പുരുഷനിൽ നിന്നത്രേ ഉണ്ടായത്. പുരുഷൻ സ്ത്രീക്കായിട്ടല്ല; സ്ത്രീ പുരുഷന്നായിട്ടല്ലൊ സൃഷ്ടിക്കപ്പെട്ടത്. ആകയാൽ സ്ത്രീക്കു ദൂതന്മാർ നിമിത്തം തലമേൽ അധീനതാ ലക്ഷ്യം ഉണ്ടായിരിക്കണം. എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല, സ്ത്രീയെ കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽ നിന്നു ഉണ്ടായതു പോലെ പുരുഷനും സ്ത്രീ മുഖാന്തരം ഉളവാകുന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ".

"ദൂതന്മാർ മുഖാന്തരം" എന്നു പറഞ്ഞാൽ അവർ ആരാണ്? വീണുപോയ ദൂതന്മാരാണ്.

★

# ശ്രേഷ്ഠമായ കേൾവിക്കാർ ആവശ്യം

## ജോണി രാംസെ

കേൾക്കുവാൻ മാന്ദ്യമുള്ള സദസ്യർ കാരണം അനേകം നല്ല പ്രസംഗങ്ങൾ ഫലം പുറപ്പെടുവിക്കാതിരിക്കുന്നുണ്ട്. പ്രസംഗ വിഷയവും ഉള്ളടക്കവും വളരെ പ്രാധാന്യമുള്ളതായിരിക്കും. ആളുകൾ അതിൽ തല്പരരല്ല എങ്കിൽ പ്രയോജനപ്പെടുകയില്ല. പ്രാസംഗികൻ രക്ഷാ സന്ദേശം അവതരിപ്പിക്കുന്നതിൽ വിജയിക്കുന്നുണ്ട്. പക്ഷെ സന്നിഹിതരായിരിക്കുന്നവർ അതിൽ വലിയ ശ്രദ്ധ കൊടുക്കാതിരുന്നാൽ എന്തു ഫലം! യേശുക്രിസ്തുവിന്റെ കാലയളവിലും ഇതുപോലുള്ള ആളുകൾ ധാരാളം ഉണ്ടായിരുന്നു. "ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്നു സൂക്ഷിച്ചു കൊൾവിൻ" (ലൂക്കോസ് 8:18). ഒരു സന്ദേശം വ്യക്തമായും സ്പഷ്ടമായും മനസിലാക്കുവാൻ വളരെ ഏകാഗ്രതയുള്ള മനസ്സ് ആവശ്യമാണ്. ചിന്ത കേൾക്കുന്നതിൽ തന്നെ ആയിരിക്കണം. ആരായാലും ശരി സന്ദേശം എന്തായാലും അതിലെ അർത്ഥം ശരിയായി ഗ്രഹിക്കണം. ഇല്ലെങ്കിൽ ഗുണത്തിനു പകരം ദോഷമായിരിക്കും ഫലം. ദൈവിക ദൂതിന്റെ പ്രാധാന്യത്തെ നാം ഒരിക്കലും വില കുറച്ചു കാണാവുന്നതല്ല. അതിനെ അർഹിക്കുന്ന പ്രാധാന്യത്തോടെ സ്വീകരിക്കണം.

യേശുക്രിസ്തു പലപ്പോഴും തന്റെ സന്ദേശം നല്കുന്നതിനു മുൻപ് "കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ" എന്നു പറഞ്ഞിട്ടുണ്ട്. മറ്റേതിലുമെന്നപോലെ ദൈവിക ഗോളത്തിലും കേൾവിക്കു മാന്ദ്യത അനുഭവപ്പെട്ടാൽ അതു ഗൗരവമായ വീഴ്ച തന്നെയാണ്. പ്രത്യേകിച്ചു യേശുക്രിസ്തുവിന്റെ രക്ഷാദൂത് ഏതൊരാൾക്കും വിലപ്പെട്ടതായിരിക്കുമ്പോൾ ആ സുവിശേഷത്തെ അവഗ

ണിക്കുന്നതിനു തുല്യമായ പ്രവർത്തിയാണിത്. ക്രിയാത്മക മനോഭാവമാണിത്. ഇതിലൊന്നിലും വലിയ കാര്യമില്ല എന്ന തോന്നലാണ് അവർക്കുള്ളത്. ജീവിതത്തിന്റെ ഉയർച്ചക്കും വിജയത്തിനും തടസമായി നില്ക്കുന്ന ഏറ്റവും വലിയ ശത്രുവാണിത്. കോടിക്കണക്കിനു രൂപ മുടക്കിയാണ് ഓരോ സന്ദേശം എല്ലാ ആളുകളിലേക്കും എത്തിക്കുന്നത്. ആ വെളിപ്പെടുത്തലിന്റെ ഉദ്ദേശമോ ലക്ഷ്യമോ എന്താണെന്നുപോലും ചിന്തിക്കാതെ ആളുകൾ അതിനെ നിസാരമായി തള്ളിക്കളയുന്നു. സുവിശേഷം എന്ന ദൈവത്തിന്റെ അരുളപ്പാടുകളെ ഇന്ന് ആളുകൾ എങ്ങനെ ചെവിക്കൊള്ളുന്നു എന്നു പരിശോധിച്ചാൽ കണ്ടെത്തുന്ന പരമാർത്ഥം നമ്മെ ദുഃഖിപ്പിക്കും. സത്യത്തിനു ചെവി കൊടുക്കാത്തതുകൊണ്ട് ആളുകൾ അനീതി പ്രവർത്തിക്കുകയും അതിന്റെ പരിണിത ഫലമായി അവർ നശിക്കയും ചെയ്ത എത്രയോ ഉദാഹരണങ്ങൾ നമുക്ക് വേദ പുസ്തകത്തിൽ നിന്നു കാണാൻ കഴിയും. നമുക്കു ചുറ്റും ഒന്നു കണ്ണോടിച്ചാൽ എത്രയോ പേരെ കണ്ടെത്താൻ കഴിയും.

ദൈവം തിരഞ്ഞെടുത്ത ജനമായ യെഹൂദന്മാരായിരുന്നെങ്കിൽ എല്ലാം കൊണ്ടും പ്രത്യേകതയുള്ളവരായിരുന്നു അവർ. ശബ്ബത്തു തോറും അവർ പ്രവാചക പുസ്തകങ്ങൾ വായിച്ച് കേൾക്കാറുണ്ടായിരുന്നു. ദൈവ സന്ദേശം കാലാകാലങ്ങളിൽ അറിയിക്കുവാൻ ദൈവ ദാസന്മാർ അവർക്കുണ്ടായിരുന്നു. മശിഹായുടെ ജനനത്തെ കുറിച്ചും ദൗത്യത്തെ കുറിച്ചും ആ പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചിരുന്നു. പക്ഷെ ദൈവം പറഞ്ഞതനുസരിച്ചു വന്ന യേശു എന്ന മശിഹയെ അവർക്കു തിരിച്ചറിയാനോ വിശ്വസിക്കാനോ കഴിഞ്ഞില്ല. അതുകൊണ്ടു അവർ അവനെ ശിക്ഷക്കു വിധിച്ചു. അവർ വായിച്ചിരുന്നതും കേട്ടിരുന്നതും ശ്രദ്ധിച്ചിരുന്നെങ്കിൽ മനസിലാക്കുമായിരുന്നു. അങ്ങനെയെങ്കിൽ അവർ അവനെ അനുസരിക്കുമായിരുന്നു. പകരം അവർ ചെയ്ത പ്രവൃത്തി അവരുടെ കേൾവിയിലു

ണ്ടായ മാന്ദ്യതയെ എടുത്തു കാണിക്കുന്നു (പ്രവൃത്തി 13: 26-27). കേഠക്കുന്നു എന്നു വരുത്തിത്തീർക്കുന്നവർ ധാരാളമുണ്ട്. പക്ഷെ അവർ വാസ്തവത്തിൽ കേഠക്കുന്നില്ല. അതുകൊണ്ടാണ് ഫലമില്ലാതിരിക്കുന്നത്. ദൈവത്തിൻെറ രക്ഷാവചനം കേഠക്കുന്നവർ തങ്ങഠക്കു പ്രയോജനപ്പെടുത്തിയില്ലെങ്കിൽ അതു അവർക്കു വിനാശമായി ഭവിക്കും. ''എങ്കിലും വചനം കേഠക്ക മാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ (യാക്കോബ് 1.22).

കേഠക്കുന്നതു ദൈവത്തിൻെറ ശബ്ദമാണെന്നും അതു എൻെറ നന്മക്കാണെന്നും ഉള്ള ചിന്ത വേണം. എങ്കിലേ വചനം ശ്രദ്ധയോടെ ശ്രവിക്കയുള്ളു. നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരമാണ് എന്നു ദൈവം അരുളിച്ചെയ്തിട്ടുണ്ട്. കർത്താവിൻെറ വചനം ആത്മാക്കളുടെ രക്ഷക്കു വേണ്ടിയാണ് നല്കിയിരിക്കുന്നത് എന്ന വിശ്വാസം വേണം. ദൈവത്തിൽ വിശ്വാസമുള്ളവർ അവൻെറ വചനത്തിൽ വിറെക്കും.

## എങ്ങനെ കേൾക്കുന്നു എന്നതു സൂക്ഷിക്കുക

ദൈവം വളരെ വ്യക്തമായി തൻെറ ജനത്തോടു പറഞ്ഞതാണ് ''വിശുദ്ധമായവ ഒന്നും തൊടരുത്'' എന്ന്. ഇതു മനസിലാക്കാൻ കഴിയാത്തവർ ആരുണ്ട്? തെററിദ്ധരിക്കാൻ ഇതിൽ എന്തെങ്കിലും ഉണ്ടോ? ഇല്ലല്ലൊ. എന്നാൽ ഉസായ്ക്കു സംഭവിച്ചതു എന്തെന്നാൽ അവൻ നിയമപെട്ടകത്തെ തൊട്ടു. മരിക്കയും ചെയ്തു. മരിക്കാതിരിക്കേണ്ടതിനാണ് ദൈവം അവരോട് വിശുദ്ധമായതൊന്നും തൊടരുത് എന്നു പറഞ്ഞത്. പക്ഷെ പറഞ്ഞത് അവൻ ശരിയായി കേട്ട് അനുസരിക്കാതിരുന്നതുകൊണ്ടു മരിച്ചുപോയി (2 ശമുവേൽ 6). ''അയ്യോ ഞാൻ അതു കേട്ടിരുന്നില്ല കേട്ടോ; അല്ലെങ്കിൽ ഞാൻ അതങ്ങു മറന്നുപോയി കെട്ടോ'' എന്നൊക്കെ ആളുകഠ സാധാരണ പറഞ്ഞു കേഠ

ക്കാറുണ്ട്. നമ്മെ ഇതൊരു പാഠം പഠിപ്പിക്കുകയാണ് ചെയ്യുന്നത്. അതെഴുതിയിരിക്കുന്നത് നമ്മുടെ ബുദ്ധിയുപദേശത്തിനാണ് (റോമർ 15:4). അവർ ദുഷ്പ്രവൃത്തി ചെയ്തു നശിച്ചു പോയതുപോലെ നാം നശിക്കാതിരിക്കണം.

സ്വന്തത്തിലേക്കു വന്ന യേശുവിനെയാണ് സ്വന്തക്കാർ നിഷ്ക്കരുണം തള്ളിക്കളഞ്ഞത്. ദൈവികമായ ആലോചനയും മശിഹാ പ്രവചനവും നിവർത്തിച്ചുകൊണ്ടാണ് അവൻ വന്നത്. പക്ഷെ അവർക്കു അവനെ സ്വീകരിക്കാൻ കഴിഞ്ഞില്ല (യോഹന്നാൻ 1:5;1:11;5:40). പുരുഷാരത്തിൽ യേശുക്രിസ്തുവിനെ കുറിച്ച് പല അഭിപ്രായങ്ങൾ ഉയർത്തിയിരുന്നു. "ദാവീദിന്റെ സന്തതിയിൽ നിന്നും ദാവീദ് പാർത്ത ഗ്രാമമായ ബേത്ത്ലഹേമിൽ നിന്നും ക്രിസ്തു വരുന്നു എന്നു തിരുവെഴുത്തു പറയുന്നില്ലയോ എന്നും പറഞ്ഞു (യോഹന്നാൻ 7:41-42). അവർ കേൾക്കുന്നതു തിരിച്ചറിയും വിധത്തിൽ കേട്ടിരുന്നില്ല. അവർക്കു പററിയ തെററ് ഉപേക്ഷയായിരുന്നു. അവർ മനസോടെ ദൈവിക കാര്യങ്ങൾ വിട്ടു കളയുന്നു. പരിശോധിക്കാൻ തയ്യാറെടുക്കുന്നില്ല (2 പത്രൊസ് 3:5-7).

അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം വായിച്ചാൽ നമുക്കു ആളുകളുടെ വിഭിന്ന മനോഭാവത്തെ ദർശിക്കാൻ കഴിയും. പ്രവൃത്തി രണ്ടാം അദ്ധ്യായത്തിൽ പത്രൊസിന്റെ പ്രസംഗം കേട്ടപ്പോൾ ഏതാനും പേർ സന്തോഷത്തോടെ കൈക്കൊണ്ടു. എന്നാൽ തുടർന്നു വായിക്കുമ്പോൾ ഇതേ സത്യസന്ദേശം കേട്ടപ്പോൾ അവർ ആ വചനത്തെ തള്ളിക്കളഞ്ഞു. അവർ നിത്യജീവനു അയോഗ്യർ എന്നു തങ്ങളെത്തന്നെ വിധിച്ചു കളഞ്ഞു (പ്രവൃത്തി 13:46).

★

# യേശുവിൻെറ ശക്തി യുള്ള രക്തം

ഗ്യാരി. സി. ഹാമ്ടൺ

## മനുഷ്യനും ദൈവത്തിനും മദ്ധ്യേ പാപം നില്ക്കുന്നു

ഉല്പത്തി 3-ാം അദ്ധ്യായം എടുത്തു വായിച്ചാൽ സ്ത്രീയും പുരുഷനും ദൈവ കല്പന ലംഘിക്കുന്നതിനു മുൻപ് ദൈവത്തോടു കൂടെ നടക്കുമായിരുന്നു. വെയിലാറിയപ്പോൾ മനുഷ്യനോടു കൂടെ നടക്കേണ്ടതിന്നു ദൈവം വന്നതായി അവിടെ കാണുന്നുണ്ട്. ഏദെൻ തോട്ടത്തിൽ പാപം കടന്നു വന്നതുകൊണ്ടു നിർഭാഗ്യവശാൽ ആദാമിനും ഹവ്വക്കും ദൈവത്തോടുണ്ടായിരുന്ന ബന്ധം നഷ്ടപ്പെടുത്തി. തന്നെയുമല്ല അവരെ തോട്ടത്തിൽ നിന്നു പുറത്താക്കുകയും ദൈവത്തോടുള്ള കൂട്ടായ്മ ഇല്ലാതാകുകയും ചെയ്തു.

മനുഷ്യൻ അങ്ങനെ ചെയ്തെങ്കിലും മനുഷ്യരെ ദൈവത്തോടു അടുപ്പിക്കുവാൻ അവൻ ആഗ്രഹിച്ചുകൊണ്ടിരുന്നു. ലോകാരംഭത്തിനു മുൻപു തന്നെ ദൈവം അതിനു രൂപം നല്കിക്കൊണ്ടിരുന്നു. പാപത്തിൻെറ ചതിയിൽ വീണ മനുഷ്യരെ കരകയറേറണ്ടതിനുള്ള പദ്ധതിയാണു് ദൈവം ഒരുക്കിയത് (എഫെസ്യർ 1:7-11; 3:8-13). ഈ നേട്ടം കൈവരിക്കുന്നതിനു മനുഷ്യരെയും ദൈവത്തേയും തമ്മിൽ വേർപിരിക്കുന്ന പാപത്തെ മനുഷ്യനിൽ നിന്നു അകറേറണ്ടതായി വന്നു. ''നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതെവണ്ണം അവൻെറ മുഖം നിങ്ങൾക്കു മറെക്കുമാ

റാക്കിയത് (യെശയ്യാവ് 59:2). ഏതു സ്ത്രീയായാലും പുരുഷനായാലും ശരി നന്മയും തിന്മയും തിരിച്ചറിയുന്ന പ്രായമെത്തുമ്പോൾ അവർ കുററമുള്ളവരായി തീരുന്നു (റോമർ 3:10;23). പാപത്തിന്റെ ശമ്പളം ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ് (റോമർ 6:23).

## ക്രിസ്തുവിന്റെ രക്തത്തിൽ ജീവൻ ഉണ്ട്

നമ്മുടെ ഭൗതിക ശരീരത്തിന്റെ ജീവൻ നിലനില്ക്കുന്നതു രക്തത്തിലാണെന്നു വൈദ്യശാസ്ത്രവും സമ്മതിക്കുന്നുണ്ട്. നമ്മുടെ സൃഷ്ടികർത്താവ് അങ്ങനെയാണ് സൃഷ്ടിച്ചിരിക്കുന്നത്. മോശെ അത് പ്രാരംഭത്തിൽ വ്യക്തമാക്കുന്നുണ്ട് (ലേവ്യാപുസ്തകം 17:11-14). ഭൗതികമായ ശരീരത്തിന്റെ നിലനില്പിനു ഭൗതികരക്തം ആവശ്യമാണ്. അതുകൊണ്ടാണ് ആസ്പത്രികളിൽ രക്തം ശേഖരിച്ചു സൂക്ഷിക്കുന്നത്. ചില രോഗികൾക്ക് ജീവൻ നിലനിർത്താൻ ഡോക്ടർമാർ രക്തം ആവശ്യപ്പെടുന്നത് അതുകൊണ്ടാണ്. ജീവൻ നഷ്ടപ്പെട്ടു പോകാതിരിക്കേണ്ടതിനു ഇങ്ങനെ രക്തം കൊടുക്കുന്നതു സാധാരണമാണ്.

അതുപോലെ തന്നെ യേശുവിന്റെ രക്തം ആത്മീയ ശരീരത്തിന്റെ നിലനില്പിനു ഒഴിച്ചു കൂടാൻ പററാത്ത ഒന്നാണ്. യേശുക്രിസ്തുവിന്റെ രക്തം എങ്ങനെ പ്രയോജനപ്പെടുന്നു എന്നു അപ്പൊസ്തലൻ രേഖപ്പെടുത്തിയിട്ടുണ്ട്. "നിങ്ങളെത്തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. (പ്രവൃത്തി 20:28). ന്യായപ്രമാണപ്രകാരവും ഏകദേശം മുഴുവനും രക്തത്താലത്രെ ശുദ്ധീകരിക്കപ്പെടുന്നതു" (എബ്രായർ 9:22). നാം നമ്മുടെ അവസ്ഥ തിരിച്ചറിയണം. നമ്മു

ടെ പാപങ്ങൾ കഴുകി ശുദ്ധീകരിക്കുന്നതിനും പുനരേകീകരിക്കേണ്ടതിനും രക്തം ആവശ്യമാണ്. ദൈവത്തോടുള്ള ആത്മിയബന്ധം പുനസ്ഥാപിക്കുവാൻ അതല്ലാതെ മാർഗ്ഗമില്ല. പിതാവുമായുള്ള കൂട്ടായ്മക്കു രക്തം ആവശ്യമാണ്. ഏതെങ്കിലും രക്തം ദൈവം സ്വീകരിക്കയില്ല. നിഷ്കളങ്കനായി ജീവിച്ച ദൈവത്തിന്റെ കുഞ്ഞാടായിരുന്ന യേശുവിന്റെ രക്തം തന്നെ വേണം. ആ രക്തത്തിനു പകരം മറ്റൊന്നില്ല (യോഹന്നാൻ 1:29).

## ക്രിസ്തു, മരണത്തിലാണ് രക്തം ചിന്തിയത്

കാൽവറി ക്രൂശിൽ കൊല്ലപ്പെട്ട അവസരത്തിലാണ് രക്ഷകന്റെ വിലയേറിയ രക്തം വാർന്നൊഴുകിയത് (യോഹന്നാൻ 19:33-34). പടയാളി അവന്റെ വിലാപ്പുറത്തു കുന്തം കൊണ്ടു കുത്തിയപ്പോൾ ജലവും രക്തവും പുറത്തു വന്നു. അവൻ അപ്പോഴേക്കും മരിച്ചു കഴിഞ്ഞിരുന്നു. ദൈവ കുഞ്ഞാടിന്റെ പാപരഹിതമായ രക്തം മനുഷ്യരുടെ പാപനിവാരണത്തിനു വേണ്ടി വന്നു. അവൻ രക്തം ചിന്തിയ ആ മരണത്തോടു അടുക്കാതെ ആർക്കും പാപമോചനം പൂർണ്ണമായി ലഭിക്കുന്നതല്ല.

ആ മരണത്തോട് എങ്ങനെ അടുക്കമെന്നു തിരുവെഴുത്തു മാത്രമാണ് വെളിപ്പെടുത്തുന്നത്. അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏററിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേററതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ (റോമർ 6:3-4). കൊലൊസ്യർക്ക് പൌലൊസ് എഴുതുമ്പോൾ സ്നാനം അടക്കമായി വിവരിച്ചു

കൊടുക്കുന്നുണ്ട്. പാപ സംബന്ധമായ ശരീരം വെള്ളമാകുന്ന കല്ലറയിൽ അടക്കം ചെയ്താൽ മാത്രമെ ഒരു പുതിയ സൃഷ്ടിയായി ഉയിർക്കപ്പെടുകയുള്ളൂ. ദൈവത്താൽ നടക്കുന്ന ഒരു പരിച്ഛേദനയാണിത് (കൊലൊസ്യർ 2:11-13).

## ദൈവത്തോടുള്ള സ്നേഹബന്ധം പുതുക്കുന്ന ഒന്നാണ് ക്രിസ്തുവിൻെറ രക്തം

അവൻെറ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും. ശത്രുക്കൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു അവൻെറ പുത്രൻെറ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു എങ്കിൽ നിരന്നശേഷം നാം അവൻെറ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും. അത്രയുമല്ല, നമുക്കു ഇപ്പോൾ നിരപ്പു ലഭിച്ചതിന്നു കാരണമായ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു (റോമർ 5:9-11). നഷ്ടപ്പെട്ട സൗഹൃദ ബന്ധം ആണ് ഇപ്പോൾ തിരിച്ചു കിട്ടുന്നത്. രണ്ടു കാര്യങ്ങൾ പൌലൊസ് പ്രസ്താവിക്കുന്നുണ്ട്. ഒന്ന്, നമുക്ക് ദൈവത്തോടു നിരപ്പ് ലഭിച്ചു. രണ്ട്, നിരപ്പിൻെറ ശുശ്രൂഷ ലോകത്തിൽ എങ്ങും എത്തിക്കുന്നതിനായി തരുകയും ചെയ്തു (2കൊരിന്ത്യർ 5:18-21). അത്തരം നിരപ്പ് സാദ്ധ്യമായി തീരുന്നത് നാം ക്രിസ്തുവിൽ ആയി തീരണം എന്ന നിബന്ധനയിലാണ് (2കൊരിന്ത്യർ 5:17). ക്രിസ്തുവിൽ ആയി തീരുവാൻ സ്നാനം ഏല്ക്കണം (ഗലാത്യർ 3:26-27).

★

കവിത

# അശ്രദ്ധ

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

ഡംഭകിരീടം തകർന്നു പോയിടുമേ,
വാടിവീണിടുന്ന പുഷ്പം പോലാകുമെ.
എഫ്രയീം നാട്ടിന്റെ തല്പിതകർക്കുന്ന,
മദ്യം കഴിക്കുന്ന കുഞ്ഞിളം മാണെ.

ശക്തി പകർന്നവൻ ഓടി വരുന്നഹോ,
താഴെക്കുഴിയിലവൻ തള്ളിക്കളയുമെ.
നീതിപ്പുലർത്താതെ ന്യായം മറിക്കുന്ന,
ഒട്ടല്ലഹോ ജനം ചായുന്നു ചാകുന്നു.

തന്ത്രക്കുടുക്കിനാൽ സൂത്രം പ്രയോഗിച്ചു,
അല്പം അവിടെയും പിന്നെ ഇവിടെയും.
എന്നുരച്ചെയ്യുന്ന വഞ്ചക കൂട്ടമേ,
നിന്നെ വിളിച്ചില്ല കാര്യം ഗ്രഹിച്ചില്ല.

കാലം കടന്നു പോയ് കോലം തിരിഞ്ഞു പോം
ജീവനും നാശത്തിലായെന്നറിഞ്ഞില്ല.
ബെഞ്ചിലും മേശയിൽ മെത്ത തലയിണ,
ഛർദ്ദിയാൽ തട്ടി തകർന്ന നിൻ പാദത്തെ.

എത്തിനോക്കുന്നൊരു കാലം വരുന്നഹോ,
ദൈവ ന്യായാസനം നിന്നെ വിളിക്കുമേ.
എഫ്രയീം നാട്ടിലെ പററ കുടികളെ
പ്രപഞ്ച സൃഷ്ടിയാം കർത്താവു നിങ്ങളെ
തൊട്ടാൽ തെറിക്കുമേ നന്നായറിയുക.
വാങ്ങുവിൻ നോക്കുവിൻ ബൈബിളിൻ ട്രൂത്തിനെ

★

# യഥാർത്ഥ മാനസാന്തരം

## ബ്രയൻ കെനിയോൻ

അതനുസരിക്കുവാൻ ഭാരമേറിയതെന്നു പറഞ്ഞു കേൾക്കാവുന്ന ഒരു കല്പനയാണ് മാനസാന്തരം എന്നത്. വളരെയധികം പ്രസംഗിക്കപ്പെടുന്ന വിഷയവും മാനസാന്തരം എന്നതാണ്. ഒരാളുടെ മനസിനെയും ജീവിതത്തെയും മാററം വരുത്തുക അത്ര എളുപ്പമല്ല. വാസ്തവത്തിലുള്ള മാനസാന്തരം എന്താണെന്നു ഉദാഹരണ സഹിതം മനസിലാക്കി തരുന്ന ധാരാളം വേദഭാഗങ്ങൾ ഉണ്ട്. എന്നാൽ ഈ ലേഖനത്തിൽ നമുക്കു കൊരിന്ത്യ ലേഖനത്തെ അടിസ്ഥാനമാക്കി ചിന്തിക്കാം. കൊരിന്ത്യർക്കു ആദ്യത്തെ ലേഖനം എഴുതിയപ്പോൾ അവിടെ ധാരാളം പ്രശ്നങ്ങൾ ഉള്ളതായി പറയുന്നു. അവയെ എങ്ങനെ പരിഹരിക്കണം എന്നും നിർദ്ദേശിക്കയുണ്ടായി. ഏതാണ്ട് 6 മാസങ്ങൾക്കു ശേഷം രണ്ടാമത്തെ ലേഖനം എഴുതുമ്പോൾ പൌലൊസ് ഉപയോഗിക്കുന്ന വാചക ഘടനയിൽ മാററം സംഭവിക്കുന്നുണ്ട്. സന്തോഷത്തോടു കൂടി പൌലൊസ് എഴുതുവാൻ ഇടയാക്കിയ കാരണം അവർ മാനസാന്തരപ്പെട്ടു എന്നതാണ്. വാസ്തവത്തിലുള്ള മാനസാന്തരം അവശ്യപ്പെടുന്നതെന്തെന്ന് കൊരിന്ത്യ ലേഖനത്തിൽ നിന്നു നമുക്ക് പഠിക്കാം.

ഒന്ന്, ശരിയായ മാനസാന്തരത്തിനു പാപത്തിൻെറ സ്വഭാവവും അനന്തര ഫലവും തിരിച്ചറിയേണ്ടത് ആവശ്യമാണ്. ''ഞാൻ ലേഖനത്താൽ നിങ്ങളെ ദു:ഖിപ്പിച്ചു എങ്കിലും ഞാൻ അനുതപിക്കുന്നില്ല; ആ ലേഖനം നിങ്ങളെ കുറെ നേരത്തേക്കെങ്കിലും ദു:ഖിപ്പിച്ചു എന്നു കാണുന്നതുകൊണ്ടു മുമ്പെ അനുതപിച്ചു എങ്കിലും ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു; നിങ്ങൾ ദു:ഖിച്ചതിനാലല്ല, മാനസാന്തരത്തിനായി ദു:ഖിച്ചതിനാൽ തന്നെ. നിങ്ങൾക്കു അങ്ങനെ ഒന്നിലും ചേതം വരാത്ത വണ്ണം ദൈവഹിത പ്രകാരമ

ല്ലൊ നിങ്ങൾ ദുഃഖിച്ചത് (2 കൊരിന്ത്യർ 7:8-9). പൌലൊസ് തൻെറ ഒന്നാം ലേഖനത്തിൽ കൊരിന്ത്യരുടെ പാപത്തിൻെറ സ്വഭാവത്തെയും അതിൻെറ ഫലമായി ഉണ്ടാകാനിടയുള്ള ശിക്ഷയും അവരെ ഓർമ്മിപ്പിച്ചു. അവരുടെ പാപത്തെ സംബന്ധിച്ച് വിവരിക്കുന്നതു 1 കൊരിന്ത്യർ 5:11-13 വരെയുള്ള ഭാഗത്താണ്. ഈ എതിർപ്പു മൂലം കൊരിന്ത്യർ ദുഃഖിക്കയും മാനസാന്തരപ്പെടുകയും ചെയ്തു. പൌലൊസ് തൻെറ ലേഖനത്തിൽ എന്ത് ഉദ്ദേശിച്ചുവോ ആ ഫലം കിട്ടിയതുകൊണ്ടു അവനു ദുഃഖമുണ്ടായില്ല. പൌലൊസ് അവരുടെ കുററങ്ങളും ഫലങ്ങളും എഴുതി അറിയിച്ചില്ലായിരുന്നെങ്കിൽ അവർ ദുഃഖിക്കുകയോ മാനസാന്തരപ്പെടുകയോ ചെയ്യുമായിരുന്നില്ല.

നാം വാസ്തവത്തിൽ മാനസാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ പാപത്തെയും അതിൻെറ സ്വഭാവത്തെയും ദുഷ്യ ഫലങ്ങളേയും തിരിച്ചറിയണം. പാപത്തിൻെറ ഫലം ആത്മീയവും വരുന്നതു ദൈവത്തിൽ നിന്നുമാണ് (യെശയ്യാവ് 59:1-2; യെഹസ്ക്കേൽ 18:20; റോമർ 6:23). ആകയാൽ മാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും എന്നു കർത്താവു പറഞ്ഞിട്ടുള്ളതിൽ അത്ഭുതപ്പെടാനേ ഇല്ല (ലൂക്കൊസ് 13:3).

രണ്ടു, യഥാർത്ഥ മാനസാന്തരത്തിനു ദൈവഹിത പ്രകാരമായ ദുഃഖം ഉണ്ടാകണം: ദൈവഹിത പ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു (2 കൊരിന്ത്യർ 7:10). ലോക പ്രകാരമുള്ള ദുഃഖം ഒരിക്കലും മാനസാന്തരമല്ല പുറപ്പെടുവിക്കുന്നത്. ദൈവത്തിൻെറ ഇഷ്ടം ബോധ്യമായതുകൊണ്ടുള്ള ദുഃഖമാണ് ആത്മീയമായി പ്രയോജനപ്പെടുന്നത്. "ദോഷം അകററി നടക്കുന്നതു നേരുള്ളവരുടെ പെരു വഴി. തൻെറ വഴി സൂക്ഷിക്കുന്നവൻ തൻെറ പ്രാണനെ കാത്തുകൊള്ളു

ന്നു'' (സദൃശവാക്യങ്ങൾ 6:17). ദൈവം പാപത്തെ വെറുക്കുന്നു (സദൃശവാക്യങ്ങൾ 6:17-19). അതുകൊണ്ടു നാമും പാപത്തെ വെറുക്കണം (സങ്കീർത്തനം 119:104). പാപം നമ്മുടെ ഹൃദയത്തിൽ കടന്നാൽ ക്ഷമാപണം കൂടിയേ തീരു. അല്ലെങ്കിൽ നാം ദൈവകോപത്തിനിരയാകും മത്തായി 5:3-4). ദൈവത്തിന്റെ ഇച്ഛ എന്തെന്നറിഞ്ഞു ദുഃഖിക്കുന്നവർക്കു പ്രതിഫലമുണ്ട്. അതു അവരുടെ രക്ഷയിലേക്ക് നയിക്കുന്നു. വെറും ദുഃഖവും മാനസാന്തരവും തമ്മിൽ വ്യത്യാസമുണ്ട്. മാനസാന്തരപ്പെടാതെ തന്നെ ഒരാൾക്കു അനുതപിക്കാൻ കഴിയും. സ്വന്തം ഇഷ്ടത്തെ മാററി നിർത്തി ചെയ്തുപോയ തെററുകൾ മേലിൽ ഉണ്ടാകാത്ത വിധം തീരുമാനിക്കയും ജീവിതത്തിൽ ഒരു നവോത്ഥാനം ഉണ്ടാക്കുകയും ചെയ്യണം (ലൂക്കൊസ് 15:17 20). പിടിക്കപ്പെടുമ്പോൾ ദുഃഖിക്കയും ക്ഷമായാചനം നടത്തുകയും ചെയ്യുന്നവരുണ്ട് പക്ഷെ അതൊന്നും ശരിയായ മാനസാന്തരമാകുന്നില്ല.

മൂന്ന്, യഥാർത്ഥ മാനസാന്തരത്തിനു ജീവിതത്തിൽ ഒരു നവോത്ഥാനം ആവശ്യമാണ്. ''ദൈവഹിത പ്രകാരം നിങ്ങൾക്കുണ്ടായ ഈ ദുഃഖം എത്ര ഉത്സാഹം, എത്ര പ്രതിവാദം, എത്ര നീരസം, എത്ര ഭയം എത്ര വാഞ്ഛ, എത്ര എരിവ്, എത്ര പ്രതികാരം നിങ്ങളിൽ ജനിപ്പിച്ചു; ഈ കാര്യത്തിൽ നിങ്ങൾ നിർമ്മലന്മാർ എന്നു എല്ലാ വിധത്തിലും കാണിച്ചിരിക്കുന്നു'' (2 കൊരിന്ത്യർ 7:11). കൊരിന്ത്യർക്കു മാററം സംഭവിച്ചു. അവരുടെ ശ്രദ്ധ ഇപ്പോൾ ഉത്സാഹത്തിലായി മാറി. ഒരിക്കൽ അവർ പാപത്തെ അനുവദിച്ചിരുന്നെങ്കിൽ, പൌലൊസ് അവരെ പ്രബോധിപ്പിച്ചതുകൊണ്ട് അവർ തങ്ങളെ തന്നെ ശുദ്ധീകരിക്കാൻ ദൈവത്തിനു ഏല്പിച്ചു കൊടുത്തു.

★

# കർത്താവിൻെറ നാമത്തിൽ

## ജെറി മനാസ്കൊ

ക്രിസ്ത്യാനികൾക്കറിയാം അവർ എന്തു ചെയ്താലും അതു കർത്താവിൻെറ നാമത്തിലാണ് ചെയ്യേണ്ടതെന്ന് (കൊലൊസ്യർ 3:17). കർത്താവിൻെറ നാമത്തിൽ, ക്രിസ്തുവിൻെറ നാമത്തിൽ എന്ന പ്രയോഗം ഇന്നു സർവ്വസാധാരണ ഉപയോഗിക്കുന്നവരുമുണ്ട്. ചിലപ്പോൾ കർത്താവിനു ദൂഷ്യമായും അതു വരുത്തിതീർക്കാറുണ്ട്.

### ഒരു ആചാരവ്യവസ്ഥയല്ല

ഒരാൾ അനുഷ്ഠിക്കേണ്ട വെറും ഒരു ചടങ്ങായ ഒന്നല്ല കർത്താവിൻെറ നാമത്തിൽ എന്നത്. ആരാധനാ മദ്ധ്യേ ഭക്തിക്കു കൊഴുപ്പു കൂട്ടുവാൻ ഉപയോഗിക്കുന്ന പദപ്രയോഗവുമല്ല അത്. കർത്താവിൻെറ നാമത്തിൽ എന്നു നാം പറയുമ്പോൾ ദൈവികാധികാരത്തെയും അംഗീകാരത്തെയും ആണ് വെളിപ്പെടുത്തുന്നത്. നാം പറയുകയോ ചെയ്യുകയോ ചെയ്യുന്ന കാര്യങ്ങൾ വചനാനുസരണമല്ലെങ്കിൽ കർത്താവിൻെറ നാമത്തിൽ എന്നു പറഞ്ഞാലും ഫലമില്ല. നിയമ വിരുദ്ധമായി ഈ പദം ഉപയോഗിക്കാവുന്നതല്ല. പരമോന്നത അധികാരത്തെ ആദരിക്കുന്നവർ ഈ നാമം ദുരുപയോഗപ്പെടുത്തുകയില്ല.

കർത്താവിൻെറ നാമത്തിൽ അനവധി കാര്യങ്ങൾ പലഘട്ടങ്ങളിലായി നടത്തിയവരുണ്ട്. അതു കർത്താവു മുൻകൂട്ടി അറിയിച്ചിട്ടുമുണ്ട്. അവരെ വിശ്വസിക്കരുതെന്നും പരിശോധിക്കണമെന്നും കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്. കർത്താവിൻെറ നാമത്തിൽ പലരും അത്ഭുതങ്ങൾ നടത്തുന്നുണ്ട്. ഇതും മുന്നറിയിച്ചിട്ടുള്ള കാര്യമാണ് (മത്തായി 7:22). കർത്താവിൻെറ നാമത്തിൽ ചെയ്യുന്ന നിരവധി കുററ കൃത്യങ്ങൾ ഉണ്ട്. ഈ വിശുദ്ധ നാമത്തെ എടുത്തു ന്യായീകരിച്ചുകൊണ്ടു ചെയ്യുന്ന ഈ പ്രവൃത്തി

കളൊന്നും ദൈവഹിത പ്രകാരമുള്ളതല്ല. മതപരമായ തെററുകളെല്ലാം മനുഷ്യരാൽ കണ്ടുപിടിക്കപ്പെട്ടതാണ്. കർത്താവിൻെറ നാമത്തിനു ദോഷം വരുത്തുന്ന ദുരുപദേശങ്ങൾ ധാരാളം പ്രചരിച്ചുകൊണ്ടാണ് വരുന്നത്. സത്യം മാത്രം സംസാരിക്കയും അപ്പൊസ്തലന്മാരെ സകല സത്യത്തിലും വഴി നടത്തിയ പരിശുദ്ധാത്മാവിനു വിരുദ്ധമായിട്ടുമാണ് അവർ നീങ്ങുന്നത് (യോഹന്നാൻ 16:13;1 യോഹന്നാൻ 4:1-6).

സകല പാപത്തിൻെറയും മറയായി കർത്താവിൻെറ നാമം എടുത്തു പ്രയോഗിക്കുന്നത് മതപരമായും ധാർമ്മിക പരമായും തെററുതന്നെയാണ്. പാപത്തെ സ്നേഹിച്ചുകൊണ്ടു പാപത്തിൽ മുഴുകി ജീവിക്കുന്നവർ ഒഴിവുകഴിവിനായി എടുക്കുന്നതു കർത്താവിൻെറ നാമത്തെയാണ്. കർത്താവു വെള്ളം വീഞ്ഞാക്കി മാററിയതു കൊണ്ട് മദ്യപിക്കുന്നത് തെററല്ല എന്ന ന്യായീകരണം ചിലർ എടുക്കുന്നു. കർത്താവ് കൃപാലുവായതുകൊണ്ടു എങ്ങനെ ജീവിച്ചാലും കുഴപ്പമില്ല എന്നു വാദിക്കുന്നവരുണ്ട്. ഇതും കർത്താവിൻെറ അധികാരത്തെ തെററായി വ്യാഖ്യാനിക്കുന്നതാണ്. ഇന്നത്തെ പുരോഹിതന്മാരും ബിഷപ്പുമാരും അവരുടെ മതപരമായ ആചാരങ്ങളും കർത്താവിൻെറ നാമത്തിലാണ് ചെയ്യുന്നത്. ഇതെല്ലാം കർത്താവിൻെറ നാമത്തെ അപമാനിക്കുന്നതിനു തുല്യമാണ്. പാപത്തെ ന്യായീകരിക്കുന്നവനല്ല കർത്താവ്. പാപത്തെ ക്ഷമിക്കുന്നവനാണ്. പക്ഷെ ക്രിസ്തുവിൻെറ അധികാരത്തെ മാനിക്കുകയും നിബന്ധനകൾ പാലിക്കപ്പെടുകയും ചെയ്യുന്നവർക്കാണ് അത് പ്രയോജനപ്പെടുന്നത്.

## തെററിനെ ശരിയാക്കാൻ സാദ്ധ്യമല്ല

ബൈബിളിനോടു അല്പമെങ്കിലും ആദരവുള്ളവർ എല്ലാവരും അതിൽ പ്രതിപാദിച്ചിരിക്കുന്ന ധാർമ്മിക സത്യങ്ങളെ തിരിച്ചറിയും. മത പരമായ കാര്യങ്ങളിൽ അതു

വാസ്തവമല്ലേ? ഓരോരുത്തരും താന്താൻെറ മതപരമായ പൈതൃകാവകാശത്തെ ബൈബിളുമായി ഒത്തുനോക്കി പരിശോധിക്കണം. നാമധേയ വിഭാഗങ്ങളെ ഒരിക്കലും യാതൊരു കാരണവശാലും അംഗീകരിക്കാവുന്നതല്ല. കർത്താവിൻെറ നാമത്തിൽ വേദപുസ്തകത്തോടു കൂട്ടിച്ചേർക്കയോ എന്തെങ്കിലും അതിൽ നിന്നു എടുത്തു കളയുകയോ ചെയ്താൽ ദൈവം അതു സ്വീകരിക്കയില്ല. യേശു പറഞ്ഞതു: ഞാൻ എൻെറ സഭയെ പണിയും എന്നാണ് (മത്തായി 16:18) ആ സഭ കർത്താവിൻെറ ശരീരമാണ്. കർത്താവിനു ഒരു ശരീരം മാത്രമെയുള്ളു (എഫെസ്യർ 4:4). മനുഷ്യ നിർമ്മിതമായ സഭയിൽ അംഗത്വമുണ്ടെന്നു ന്യായീകരിച്ച് ദൈവത്തെ അംഗീകരിക്കാമെന്ന് കരുതരുത്. പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പിഴുതു കളയും (മത്തായി 15:13-14).

കർത്താവിൻെറ നാമത്തിൽ ചെയ്യുന്നു എന്നു പറയുന്നതെല്ലാം ശരിയായിക്കൊള്ളണമെന്നില്ല. മത പരമായ പരിശീലനം ആയാൽ പോലും അതു വാസ്തവമാണ്. ശിശു സ്നാനം തിരുവെഴുത്ത് ആധാരമായിട്ടുള്ളതല്ല എന്ന ഒററക്കാരണത്താൽ നമുക്ക് അതിനെ തള്ളിക്കളയാവുന്നതാണ്. ബൈബിളിൽ അധികാരപ്പെടുത്താത്തത് ഒരിക്കലും ദൈവം അംഗീകരിക്കുന്നതല്ല. പുതിയ നിയമത്തിൽ സ്നാനമേല്ക്കേണ്ടവർ വിശ്വസിച്ചവരാണ് (മർക്കൊസ് 16:16; പ്രവൃത്തി 8:12,13,18 8). ഒരു കുട്ടിയിന്മേൽ വെള്ളം തളിക്കുകയോ കോരി ഒഴിക്കുകയോ ചെയ്തുകൊണ്ട് കർത്താവിൻെറ നാമത്തിൽ ആയാലും അതു സ്വർഗ്ഗീയ കോടതിയിൽ നീതീകരിക്കപ്പെടുന്നില്ല. അതുപോലെ തന്നെയാണ് പുതിയ നിയമാരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതും തിരുവെഴുത്തുകളിൽ ഒരു വാക്യവും പുതിയ നിയമത്തിൽ അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. കർത്താവിൻെറ നാമത്തിലായാൽപോലും അതിനു ദൈവ സന്നിധിയിൽ നിയമസാധുതയില്ല. കർത്താവിൻെറ അധികാരമില്ലാത്ത യാതൊന്നും നാം ദൈവത്തിൻെറ പേരിൽ ചെയ്യരുത്.

## പദപ്രയോഗം ശരിയായി ഉപയോഗിക്കുക

ക്രിയാത്മക വശത്തിൽ നോക്കിയാൽ കർത്താവിന്റെ നാമത്തിൽ ധാരാളം കാര്യങ്ങൾ നടന്നിട്ടുണ്ട്. ജനങ്ങളിൽ രോഗികളായിരുന്നവർ അത്ഭുതകരമായി സൗഖ്യം പ്രാപിച്ചിരുന്നത് കർത്താവിന്റെ നാമത്തിൽ ആയിരുന്നു. പിറവിയിലേ മുടന്തനായിരുന്ന ഒരാളെ പത്രോസും യോഹന്നാനും ദൈവാലയ ഗോപുരത്തിങ്കൽ വെച്ചു സൗഖ്യമാക്കി (പ്രവൃത്തി 3:1-12;4:9-10). ആ നാമത്തിനു പ്രത്യേക മാന്ത്രിക ശക്തിയോ മതപരമായ സിദ്ധാന്തമോ ഉണ്ടെന്നല്ല വ്യക്തമാക്കുന്നത്. പ്രത്യേകിച്ച് ദൈവ ശക്തിയും ദൈവികാധികാരവും ആ നാമത്തിനുണ്ട് എന്നതാണ് സത്യം. ആ രോഗി സൗഖ്യമായത് അപ്പൊസ്തലന്മാരുടെ കഴിവോ ശക്തിയോ കൊണ്ടല്ല. യേശുക്രിസ്തുവാണ് സൗഖ്യമാക്കിയത്. ദൈവ വചനമാണ് അവർ സംസാരിക്കുന്നത് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ക്രിസ്തു അവർക്ക് അത്ഭുത ശക്തി പ്രദാനം ചെയ്തിരുന്നു (മർക്കൊസ് 16:17-20; പ്രവൃത്തി 16:18;ലൂക്കൊസ് 10:17). കർത്താവിന്റെ നാമത്തിൽ എന്ന പദപ്രയോഗം ഒരു സൂത്രവാക്യമല്ല, അധികാരത്തെ സൂചിപ്പിക്കുന്നതിനുള്ള പ്രസ്താവനയാണ്.

കർത്താവിന്റെ നാമത്തിൽ അഥവാ കർത്താവിന്റെ നാമം മുഖാന്തരമാണ് പാപമോചനം നല്കിയിരിക്കുന്നത് (പ്രവൃത്തി 10:43). മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളോടും പ്രസംഗിക്കേണ്ടതാകുന്നു (ലൂക്കൊസ് 24:47). മാനസാന്തരപ്പെട്ടു സ്നാനം ഏല്ക്കുന്നവർക്കാണ് പാപമോചനം ലഭിക്കുന്നത്. അതു കർത്താവിന്റെ നാമത്തിൽ അഥവാ അധികാരത്തിലാണ് ഒരുക്കിയിരിക്കുന്നത്.

*

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 8 45 to 9.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.00 to 2.15 P.M.
Tuesdays — 2.00 to 2.15 P.M.
Thursdays — 2.00 to 2.15 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert
Rathnakar—Box. 448, Bangalore—560004
Sundays — 1.45 to 2.00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meade Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To